## അടിയന്തര പ്രമേയം

മി. സ്പീക്കർ: നടപ്പു സാമ്പത്തികവർഷം പൂർത്തിയാകാൻ 3 മാസം മാത്രം ശേഷിക്കേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണം പോലും പൂർത്തീകരിക്കാൻ സാധിക്കാതെ പദ്ധതി നിർവ്വഹണമാകെ സ്തംഭനാവസ്ഥയിലായിരിക്കുന്നതായി പറയപ്പെടുന്നതുമൂലം ഉളവായിട്ടുള്ള സ്ഥിതി വിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ഡോ. ടി.എം. തോമസ് ഐസക്, സർവ്വശ്രീ. വി.എസ്. സുനിൽകുമാർ, മാത്യു. റ്റി.തോമസ്, എ.എ. അസീസ് എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

## പദ്ധതി നിർവ്വഹണത്തിലെ സ്തംഭനാവസ്ഥ

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, ഇന്നലെ ബില്ലിന്റെ ചർച്ചാവേളയിൽ വളരെ വിശദമായി ഈ വിഷയം ചർച്ച ചെയ്തതാണ്. ഇവിടെ പറയുന്ന രീതിയിലുള്ള ഭയാനകമായ അവസ്ഥ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് നിലവിലില്ല. മാത്രമല്ല, ഇപ്പോൾതന്നെ 81 ശതമാനം പ്രോജക്ടുകളും വെറ്റ് ചെയ്തുകഴിഞ്ഞു. വെറ്റ് ചെയ്യുന്ന പ്രോജക്ടുകളെക്കുറിച്ചുള്ള വിവരം അപ്പപ്പോൾ നമുക്ക് പരിശോധിക്കാനായി ഐ.കെ.എം.(Information Kerala Mission)-ന്റെ ഒരു സോഫ്റ്റ് വെയർ ഡെവലപ് ചെയ്തിട്ടുണ്ട്. അത് പരിശോധിച്ചാൽ വളരെ വ്യക്തമായി കാര്യങ്ങൾ മനസ്സിലാകും. ഏകദേശം 1,58,027 പ്രോജക്ടുകൾ ഇതിനകം

അപ്‌ലോഡ് ചെയ്തുകഴിഞ്ഞു. ഇപ്പോഴത്തെ കണക്കനുസരിച്ച് 1,49,215 പ്രോജക്ടുകൾ വെറ്റ് ചെയ്തുകഴിഞ്ഞു. മാത്രമല്ല, ഇംപ്ലിമെന്റേഷനും ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്. ഇംപ്ലിമെന്റേഷൻ മോണിറ്റർ ചെയ്യുന്നതിനുവേണ്ടി സുലേഖ എന്ന സോഫ്റ്റ് വെയറും സാംഖ്യ എന്ന സോഫ്റ്റ് വെയറും കൂടി കൂട്ടി യോജിപ്പിച്ചുകൊണ്ട് കൃത്യമായി പ്രോജക്ടിൽ എത്ര പണം ചെലവഴിക്കുന്നു എന്നതിനെ സംബന്ധിച്ചുള്ള വിവരങ്ങൾ അപ്പപ്പോൾ ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള സംവിധാനവും ചെയ്തുകഴിഞ്ഞിട്ടുണ്ട്. അധികാര വികേന്ദ്രീകരണം, പദ്ധതി രൂപീകരണം, പദ്ധതി നിർവ്വഹണം ഇതിലെല്ലാം കേരളം ഇന്ത്യക്ക് തന്നെ മാതൃകയാണ്. ഇക്കാര്യത്തിൽ ഏതെങ്കിലും ഒരു ഗവൺമെന്റിനെ പ്രത്യേകം എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇടതുപക്ഷ ഗവൺമെന്റ് ഭരിക്കുന്ന സമയത്തും അധികാര വികേന്ദ്രീകരണവുമായി ബന്ധപ്പെട്ട് എടുത്തിട്ടുള്ള വളരെ നിർണ്ണായകമായ തീരുമാനങ്ങൾ ഇന്ത്യയിൽത്തന്നെ കേരളത്തെ മാതൃകയാക്കി മാറ്റിയിട്ടുണ്ട്. ഈ നിലയിൽത്തന്നെ നിൽക്കാൻ നമുക്ക് സാധിക്കില്ല, മുന്നോട്ടുപോകുക തന്നെ വേണം. അടുത്ത സ്റ്റെപ്പ് എന്നുള്ള നിലയിൽ കൂടുതൽ സുതാര്യവും അതേ സമയം കൂടുതൽ വേഗത്തിലും കാര്യങ്ങൾ നടത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുകയും അധികാര വികേന്ദ്രീകരണം എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനുവേണ്ടി താഴേത്തട്ടിലേയ്ക്ക് കൂടുതൽ അധികാരം ലഭ്യമാക്കുന്ന രീതിയിൽ കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോയി. ഇതിനെ ആ രീതിയിൽ എടുക്കമെന്നാണ് ഇവിടെ സൂചിപ്പിക്കാനുള്ളത്. ഇത്തവണ മറ്റ് കാലഘട്ടങ്ങളെക്കാൾ വ്യത്യസ്തമായി മാർച്ച് മാസമാകുമ്പോഴേക്കും വലിയൊരു ശതമാനം പദ്ധതി നിർവ്വഹണം നടത്താൻ സാധിക്കുമെന്നാണ്

എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട ഡോ. തോമസ് ഐസക്കിന് എന്ത് ആശങ്കയാണുള്ളതെന്ന് അറിഞ്ഞതിനുശേഷം വേണമെങ്കിൽ അതിനെക്കുറിച്ച് വിശദീകരിക്കാം. പക്ഷേ, ഇപ്പോൾ ഇതുസം ബന്ധിച്ച് അടിയന്തര സ്വഭാവമുള്ള അവസ്ഥയില്ല എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഡോ. തോമസ് ഐസക്: സർ, പദ്ധതി രൂപീകരണ നിർവ്വഹണത്തിലെ സ്തംഭനാവസ്ഥയെക്കുറിച്ചുള്ള ഒരു അടിയന്തിര പ്രമേയത്തോടുകൂടിയാണ് കഴിഞ്ഞ നിയമസഭാ സമ്മേളനം ആരംഭിച്ചത്. വീണ്ടും, ഈ നിയമസഭാ സമ്മേളനം അവസാനിക്കാൻ ഒരു ദിവസം ബാക്കിനിൽക്കെ, പദ്ധതി രൂപീകരണ നിർവ്വഹണത്തിലെ സ്തംഭനാവസ്ഥയെ സംബന്ധിച്ച ഒരു അടിയന്തിരപ്രമേയം അവതരിപ്പിക്കേണ്ടി വന്നിരിക്കുകയാണ്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഞങ്ങൾ എന്തെല്ലാം ആശങ്കകളാണോ സഭയിൽ ഉന്നയിച്ചത്, അതെല്ലാം പൂർണ്ണമായി ശരി വയ്ക്കുന്ന അനുഭവങ്ങളാണ് ഈ 5 മാസക്കാലത്തിനിടയിൽ ഉണ്ടായിട്ടുള്ളത്. അന്നത്തെ അടിയന്തരപ്രമേയ ത്തോട് പ്രതികരിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഗ്രാമവികസന വകുപ്പുമന്ത്രി മറുപടി പറഞ്ഞത്, □മുൻകാലങ്ങളിൽ ഒരു ഉത്തരവ് ഇറക്കിയാൽ അടുത്ത ആഴ്ച വേറൊരു ഉത്തരവിറങ്ങും. പിന്നത്തെ ആഴ്ച മറ്റൊരു ഉത്തര വിറങ്ങും. ഇതുസംബന്ധിച്ച് ഇവിടെ ആക്ഷേപം ഉണ്ടായതാണ്. ഇത്തവണ യാതൊരു ആക്ഷേപത്തിനും ഇടയില്ലാതെ എല്ലാ റിപ്പോർട്ടും സമാഹരിച്ചു കൊണ്ട് കൃത്യമായി ഉത്തരവ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത്തവണ സെപ്റ്റംബർ മാസത്തിൽ പദ്ധതി ആരംഭിക്കും. കാരണം അടുത്ത വർഷത്തെ പദ്ധതി ജനുവരി 9-ന് മുമ്പായി അംഗീകരിക്കും□ എന്നാണ്. ഇപ്പോൾ ഡിസംബർ

മാസം അവസാനിക്കാൻ പോകുകയാണ്. ഇവിടെ ബഹുമാനപ്പെട്ട പഞ്ചായത്ത് വകുപ്പുമന്ത്രി പറഞ്ഞ കണക്ക് എന്താണ്? അദ്ദേഹം പറഞ്ഞത് 1,47,000-ത്തിൽപ്പരം പ്രോജക്ടുകൾ അംഗീകരിച്ചു, ഇനി 38,633 പ്രോജക്ടുകൾ മാത്രമേ ബാക്കിയുള്ളൂ. പക്ഷേ ആ കണക്കിന്റെ ഉള്ളിലേയ്ക്ക് കടക്കുമ്പോൾ ജില്ലാ പഞ്ചായത്ത് അംഗീകരിച്ച പ്രോജക്ടുകൾ 2056, അംഗീകരിക്കേണ്ട പ്രോജക്ടുകൾ 6046, കോർപ്പറേഷൻ അംഗീകരിച്ച പ്രോജക്ടുകൾ 2286, അംഗീകരിക്കേണ്ട പ്രോജക്ടുകൾ 2185, ബ്ലോക്ക് പഞ്ചായത്ത് അംഗീകരിച്ച പ്രോജക്ടുകൾ 7960, അംഗീകരിക്കേണ്ട പ്രോജക്ടുകൾ 4990. നമ്മുടെ മേൽത്തട്ട് സ്ഥാപനങ്ങളിലെ പദ്ധതി അംഗീകാരം കിടക്കുന്നത് ഇവിടെയാണ്. ഇത് ഇനിയും അപ്ലോഡ് ചെയ്യാനുണ്ട്. ഡിസംബർ മാസം 5-ാം തീയതിക്കുള്ളിൽ അപ്ലോഡ് ചെയ്തില്ലെങ്കിൽ വിൻഡോ ക്ലോസ് ചെയ്യുമെന്ന് പറഞ്ഞു, പക്ഷേ വിൻഡോ ഇപ്പോഴും തുറന്നുകിടക്കുകയാണ്. ഡിസംബർ മാസം 10-നുള്ളിൽ അംഗീകാരം നൽകിയില്ലെങ്കിൽ അതിനുള്ള വിൻഡോയും ക്ലോസ് ചെയ്യുമെന്ന് പറഞ്ഞു. ആ വിൻഡോയും തുറന്നുകിടക്കുകയാണ്. 5 ശതമാനം പണമാണ് ചെലവഴിച്ചിട്ടുള്ളതെന്ന് സഭയിലും പറഞ്ഞിട്ടുണ്ട്. 5 ശതമാനം എന്നുപറയുന്നത് പൂരക പോഷകാഹാരം തുടങ്ങിയ കാര്യങ്ങൾക്ക് ഏൽപ്പിച്ചുകൊടുത്ത പണമാണ്. ഇതാണ് നില, ഇത് ആശങ്കാജനകമല്ലേ; ഇക്കാര്യം ചർച്ച ചെയ്യേണ്ടതല്ലേ? ഈ സ്ഥിതിയിൽ എന്ത് ചെയ്യണം എന്നതിനെക്കുറിച്ച് ഒരു ആലോചന നടത്തേണ്ടതല്ലേ? ഒരു ഉത്തരവും ഇനി മാറ്റുകയില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി അന്ന് പറഞ്ഞു. നിങ്ങൾ ഇറക്കിയ മാർഗ്ഗ നിർദ്ദേശക തത്വങ്ങളിൽ ഇനി മാറ്റാൻ എന്താണുള്ളത്?

അതിന്റെ പകുതിയും നടപടിക്രമങ്ങളാണ്. ആ നടപടിക്രമങ്ങൾ പാലിച്ചില്ലെങ്കിലും പ്രശ്നമില്ലന്നാണ് പറഞ്ഞത്. നടപടിക്രമങ്ങൾ പാലിച്ചതിന്റേയും ഗ്രാമസഭ കൂടിയതിന്റേയും സെമിനാർ നടത്തിയതിന്റേയും കർമ്മസമിതി കൂടിയതിന്റേയും രേഖകൾ ഡി.പി.സി. പരിശോധിക്കേണ്ടതില്ലെന്ന് ഉത്തരവ് കൊടുത്തിരിക്കുകയാണ്. അതിനർത്ഥം ആരും ഇതൊന്നും ചെയ്തില്ലെങ്കിലും പ്രശ്നമില്ല, പ്രോജക്ടുകൾ ഉണ്ടായാൽ മതിയെന്നുള്ളതാണ്. എന്താണ് കാരണമെന്നറിയാമോ? ഈ പദ്ധതികൾ തയ്യാറാക്കാൻ സാധിക്കില്ല. ഇക്കാര്യം കഴിഞ്ഞ തവണ പറഞ്ഞതാണ്. ഇപ്പോഴും അതിന് ഉത്തരമില്ല. ഞാൻ അതിനെക്കുറിച്ച് കൂടുതൽ വിശദീകരിക്കുന്നില്ല. ഇ.എം.എസ്. പാർപ്പിട പദ്ധതിക്ക് ബാക്കി 400 കോടി രൂപയുണ്ട്. എങ്ങനെ അത് വന്നു എന്നുള്ളത് ഞാൻ പറയുന്നില്ല. അന്ന് ബാങ്കിൽ നിന്ന് വായ്പ എടുക്കാൻ അനുവാദം നൽകിയിരുന്നെങ്കിൽ ഈ പദ്ധതി പൂർത്തിയാകുമായിരുന്നു. രണ്ടു മഴക്കാലം കഴിഞ്ഞപ്പോൾ ആ വീടുകളെല്ലാം പൊട്ടിപ്പൊളിഞ്ഞ് കിടന്നിട്ട് ഇപ്പോൾ 400 കോടി രൂപ ലോൺ വാങ്ങിയശേഷം അതുകൊടുത്ത് പൂർത്തീകരിക്കുമെന്നാണ് പറയുന്നത്. കഴിഞ്ഞ വർഷമെടുത്ത മറ്റ് പാർപ്പിട പദ്ധതികൾക്ക് 200 കോടി രൂപ നൽകുമെന്ന് മന്ത്രി പറഞ്ഞു. അത് നല്ല കാര്യം തന്നെയാണ്. ഈ വർഷത്തെ 55000 വീടിന്റെ 820 കോടി രൂപ എവിടെ നിന്നാണ് ലഭിക്കുന്നത്? അഡീഷണലായി എത്ര തുകയുണ്ടെന്നുള്ളത് അപ്രോപ്രിയേഷൻ ബില്ലിൽ കണാം. ഒരു പൈസ പോലും മാറ്റിവച്ചിട്ടില്ല. അതിനർത്ഥം ഒന്നുകിൽ ഇത് നൽകാൻ ഉദ്ദേശിക്കുന്നില്ല, അതിങ്ങനെ പോകട്ടെ എന്നുള്ളതാണ്. ഈ വർഷത്തെ കേന്ദ്രത്തിൽനിന്നുള്ള ഐ.എ.വൈ. വിഹിതം പോകട്ടേയെന്ന് വിചാരിച്ചിട്ടുണ്ടാകും.

അതല്ലെങ്കിൽ ഈ വർഷം ഒരു പണവും ചെലവാകാൻ പോകുന്നില്ലായെന്നായിരിക്കും നിങ്ങളുടെ ധാരണ. അതുകൊണ്ട് പ്രശ്നങ്ങൾ തീരുമോ? അടുത്ത വർഷമാകുമ്പോൾ ആ വർഷത്തെ ബാധ്യത കൂടിവരികയില്ലേ? ഈ പദ്ധതി രേഖ എങ്ങനെയാണ് കൂട്ടിക്കെട്ടേണ്ടത് എന്നതിനെക്കുറിച്ച് നിങ്ങൾക്കറിയില്ല. ആയതിനാൽ പദ്ധതിതന്നെ നോക്കേണ്ടായെന്നുള്ള നിലയിൽ എത്തിയിരിക്കുകയാണ്. പദ്ധതി രേഖയെന്നുവച്ചാൽ ചടങ്ങല്ല. സമർപ്പിക്കപ്പെട്ട പ്രോജക്ടുകളുടെ ആകെ അടങ്കൽ തുക എത്രയാണെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ മറുപടി നൽകട്ടെ, ഏകദേശം പതിനായിരം കോടി രൂപയായി. മുവായിരത്തി ചില്വാനം കോടി രൂപയേ നിങ്ങൾ കൊടുത്തിട്ടുള്ളൂ. ഗുണഭോക്തൃ വിഹിതവുമെല്ലാം ചേർത്തിട്ടാണെന്നുള്ളത് അറിയാം. സാധാരഗതിയിൽ നേരത്തെയുള്ള പദ്ധതി അടങ്കൽ തുകയുടെ ഇരട്ടിയോളം വർദ്ധനവുണ്ടാകാറുണ്ട്. എന്നാൽ ഇപ്പോൾ പദ്ധതികളുടെ അടങ്കൽ തുകയിൽ മൂന്നിരട്ടി വർദ്ധനയാണ് ഉണ്ടായിരിക്കുന്നത്. അലോക്കേഷൻ അനുസരിച്ചാണോ ഇത്തരം പദ്ധതിയുണ്ടാക്കിയിട്ടുള്ളത് എന്ന കാര്യത്തെപ്പറ്റി ആരെങ്കിലും പരിശോധിക്കുന്നുണ്ടോ; വനിതാ ഘടകപദ്ധതിയിൽ പത്ത് ശതമാനമുണ്ടോയെന്ന് നോക്കിയിട്ടുണ്ടോ? പദ്ധതിരേഖ നോക്കാതെ എങ്ങനെയാണ് പ്രോജക്ടുകൾ അംഗീകരിക്കുന്നത്? പദ്ധതിരേഖ ഡി.പി.സി.യുടെ അറിവിലേയ്ക്ക് സമർപ്പിച്ചാൽ മാത്രംമതി, അംഗീകരിക്കേണ്ടതില്ലെന്ന് പറഞ്ഞാൽപിന്നെ എന്ത് ആസൂത്രണമാണ് ഇവിടെ നടക്കുന്നത്? കേരളത്തിൽ കഴിഞ്ഞ 15 വർഷമായി മുടക്കമില്ലാതെ നടന്നുകൊണ്ടിരുന്ന ഒരു കാര്യം ഇപ്പോൾ തകർത്തെറിഞ്ഞിട്ട് ആശങ്കയ്ക്ക് വകയില്ലെന്നും യാതൊരു പ്രശ്നവുമില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയു

ന്നത്. എസ്.സി.പി/ടി.എസ്.പി. ഫണ്ടിന്റെ പ്രോജക്ട് പരിശോധന; പ്രോജക്ട് പരിശോധനയെന്ന് പറഞ്ഞാൽ എന്താണ്? ഇപ്പോൾ പ്രോജക്ടുകൾക്ക് അംഗീകാരം കൊടുത്തതിന്റെ കണക്കുകളിൽ നിന്ന് എന്താണ് വ്യക്തമാകുന്നത്? ഇപ്പോൾ പ്രോജക്ട് നോക്കാനുള്ള വിവരങ്ങൾ മേലുദ്യോഗസ്ഥന് കൊടുക്കേണ്ടതില്ലല്ലോ? പഞ്ചായത്തുകളിൽ എസ്.സി.പി/ടി.എസ്.പി. ഫണ്ടിന്റെ പ്രോജക്ട് പരിശോധിക്കാൻ പട്ടികജാതി-പട്ടികവർഗ്ഗ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥനില്ലാത്തതുകൊണ്ട് ഡി.ഡി.പി.യുടെ അംഗീകാരത്തോടുകൂടി സെക്രട്ടറി അത് നടപ്പിലാക്കുന്നു. നേരത്തെ ഇറക്കിയ ഉത്തരവുപ്രകാരം ഈ പ്രോജക്ട് എസ്.സി.പി./ ടി.എസ്.പി. പദ്ധതിയിൽപ്പെടുത്താൻ അനുയോജ്യമാണോയെന്നും അതുപ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോയെന്നും പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുദ്യോഗസ്ഥൻ സർട്ടിഫൈ ചെയ്യണമായിരുന്നു. എന്നാൽ ഇപ്പോൾ അങ്ങനെ വേണ്ടെന്ന് വച്ചിരിക്കുകയാണ്. വീട് പണിയുന്നതിനായി എസ്.സി.പി./ടി.എസ്.പി. ഫണ്ട് നിർമ്മിതി കേന്ദ്രയെ ഏൽപ്പിക്കുകയാണെങ്കിൽ അവരുടെ സമ്മതപത്രം വേണമെന്ന് പറഞ്ഞെങ്കിലും ഇപ്പോൾ അതും വേണ്ടെന്ന് വച്ചിരിക്കുകയാണ്. അപ്പോൾ, എസ്.സി.പി./ടി.എസ്.പി. ഫണ്ടുപയോഗിച്ചുള്ള പ്രോജക്ടുകൾ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചാണ് നടപ്പിലാക്കുമെന്ന് ഈ പരിശോധനയിൽ എങ്ങനെ ഉറപ്പുവരുത്തുന്നു; ഈ പരിശോധനയിൽ എന്താണ് ഉള്ളത്? പ്രോജക്ടിന്റെ പേര്, അത് ഏത് സെക്ടറിലാണെന്നുള്ള കോഡ്, ഏതൊക്കെ സ്രോതസ്സുകളിൽ നിന്നാണ് അതിന് പണം വരുന്നതെന്നുള്ള വിവരം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവയോടെ ഫിസിക്കൽ ടാർജറ്റ് തീർന്നു. ഇതിൽകൂടുതൽ എന്താണ് ഒരു മേലുദ്യോഗസ്ഥന് പരിശോധിക്കാനുള്ളത്? ഇതിന്റെ ആക്ടിവിറ്റി എന്താണ്, ഫിനാൻഷ്യൽ അനാലിസിസ് എന്താണ് തുട

ങ്ങിയ യാതൊരി കാര്യങ്ങളും വ്യക്തമാക്കുന്നില്ല. ഞാൻ ഓൺലൈനിനെ എതിർക്കുന്ന ആളല്ല. കഴിഞ്ഞ പത്ത് വർഷമായി കേരളത്തിൽ ചെയ്യാൻ ശ്രമിച്ചുകൊണ്ടിരുന്ന ഒരു കാര്യത്തിന്റെ പരിപൂർണ്ണതയിൽ എത്തുകയാണ് ഇന്ന്. കഴിഞ്ഞ മൂന്ന് വർഷമായി പദ്ധതിരേഖയുണ്ടാക്കിയതിനുശേഷം ഡേറ്റാ അപ്‌ലോഡ് ചെയ്തിരുന്നുവെങ്കിൽ അതിപ്പോൾ നേരത്തെയാക്കുക യാണ്. പക്ഷേ, അതിന്റെ ഭാഗമായി പ്രോജക്ട് വേണ്ടെന്ന് വച്ചാലോ? ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുള്ള എണ്ണം വച്ചുകൊണ്ടുമാത്രം പണം ചെല വായോ ഇല്ലയോ എന്നാണോ മോണിറ്റർ ചെയ്യാൻ പോകുന്നത്? അപ്പോൾ യഥാർത്ഥത്തിൽ ഈ പരിശോധനയെന്ന് പറയുന്നത് ഒരു മുട്ടുശാന്തി ഏർപ്പാ ടാണ്. ഇനി പദ്ധതിനിർവ്വഹണത്തിലേയ്ക്ക് നീങ്ങാൻ പോവുകയാണെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. ഈ ഫണ്ടിന്റെ പകുതി പണം ഉപ യോഗിച്ച് പൊതുമരാമത്ത് പ്രവർത്തനങ്ങൾ ചെയ്യുമ്പോൾ അതിനൊക്കെ സാങ്കേതിക അനുമതി വേണ്ടേ? ഇങ്ങനെ അംഗീകാരം കൊടുത്തതുകൊണ്ട് അത് സാങ്കേതിക അനുമതി ആവില്ല. മാത്രമല്ല, പൊതുമരാത്ത് വകുപ്പിലെ ഓരോ പ്രവർത്തനങ്ങൾക്കും സാങ്കേതിക അനുമതി വാങ്ങണം. ആരാണ് അതിനുള്ള സാങ്കേതിക അനുമതി കൊടുക്കുന്നത്? ആ പഞ്ചായത്തിലേയോ, മുനിസിപ്പാലിറ്റിയിലെയോ ഉദ്യോഗസ്ഥനല്ല, മേലുദ്യോഗസ്ഥനാണ് അനുമതി കൊടുക്കേണ്ടത്. അഞ്ച് കോടി രൂപയുടെ അഡീഷണൽ വർക്ക് അലോട്ട് ചെയ്തിട്ട് പണം കിട്ടാത്തതു സംബന്ധിച്ച് എം.എൽ.എ. മാർക്കുതന്നെ ഈ സഭയിൽ ആരോപണം ഉന്നയിക്കേണ്ടി വന്നിട്ടുണ്ട്. അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ, സാങ്കേതിക അനുമതി വാങ്ങാൻ പഞ്ചായത്തുകൾക്കെ ങ്ങനെ സാധിക്കും? ഇവിടെ കോൺട്രാക്ടർ രാജാവാകാൻ പോവുകയാണ്. അഞ്ച് ലക്ഷം രൂപയുടെ പരിധിക്കുള്ളിലുള്ള വർക്കുകൾക്ക് ടെണ്ടർ വിളിക്കേ

ണ്ടതില്ലെന്ന് പറഞ്ഞതോടുകൂടി ഓരോ കോൺട്രാക്ടർമാരും പ്രോജക്ടുമായി ഉദ്യോഗസ്ഥരെ സമീപിച്ച് കമ്മീഷൻ കൊടുക്കുന്ന ഏർപ്പാടിലേയ്ക്ക് ഈ ആസൂത്രണം ചെന്നെത്താൻ പോവുകയാണ്. എന്നിട്ടും ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്, ഒരു പ്രയാസവുമില്ല, അതിൽ ആശങ്കപ്പെടേണ്ട യാതൊരു കാര്യമില്ലെന്നാണ്. ഞാൻ ഇങ്ങനെ ഒരുപാട് കാര്യങ്ങൾ പറഞ്ഞ് സമയം നീട്ടുന്നില്ല. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയുന്നത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് രണ്ടുവർഷമായി. ഈ പ്രവൃത്തികൾ എങ്ങനെയാണ് മുന്നോട്ടുകൊണ്ടുപോകേണ്ടതെന്ന് ഈ സഭയിൽ ചർച്ച ചെയ്തില്ലെങ്കിൽ വേണ്ട, പഞ്ചായത്തുതലത്തിൽ ഇക്കാര്യം ചർച്ച ചെയ്യാമല്ലോ? ബഹുമാനപ്പെട്ട മന്ത്രിയുടെ അടിയന്തരശ്രദ്ധ പതിയേണ്ടതും പരിശോധിക്കേണ്ടതുമായ ഒന്നു രണ്ട് കാര്യങ്ങൾ കൂടി പറയാൻ ആഗ്രഹിക്കുകയാണ്. ഇവിടെ പ്രോജക്ടുകളുടെ പരിശോധന നടത്തി അംഗീകാരംകൊടുത്തതുപോലെ നിർവ്വഹണ പ്രക്രിയയിലേയ്ക്ക് കടക്കരുത്. ഇത്രയുമൊക്കെയായ സ്ഥിതിക്ക് പദ്ധതികളുടെ കാലാവധി നീട്ടിക്കൊടുത്ത് സമയമെടുത്ത് ചിട്ടയായ മോണിറ്ററിംഗ് സംവിധാനത്തോടുകൂടി കാര്യങ്ങൾ നടത്തണം, ഞങ്ങൾക്ക് അതിൽ എതിർപ്പില്ല. രണ്ടാമതായി, കട്ട് ഓഫ് ഡേറ്റ് വേണ്ട. ഏതായാലും പ്രോജക്ട് മാത്രമല്ലേ അംഗീകരിക്കുന്നുള്ളൂ; പദ്ധതി രേഖയുടെ അംഗീകാരം ആവശ്യമില്ലാത്ത സ്ഥിതിക്ക് സമയമെടുത്ത് പ്രോജക്ട് അപ്‌ലോഡ് ചെയ്യട്ടെ. മൂന്നാമതായി, ഇപ്പോൾ പദ്ധതിരേഖ പരിശോധിക്കാതെയാണ് പ്രോജക്ടുകൾക്ക് അംഗീകാരം കൊടുത്തിരിക്കുന്നത്. എന്നാൽ, ഇനിയെങ്കിലും അടങ്കൽ അനുസരിച്ച് പ്രോജക്ടുണ്ടോ; അടങ്കൽ തുകയേക്കാൾ കൂടുതൽ തുകയ്ക്കുള്ള പ്രോജക്ടാണോ; എസ്.സി.പി.-യ്ക്ക് പണം വച്ചിട്ടുണ്ടോ എന്നൊക്കെ ഡി.പി.സി.-യെ കൊണ്ട് പരിശോധിപ്പിക്ക

ണം. എസ്.സി.പി./ ടി.എസ്.പി.ക്കുള്ള പരിഹാരതുക വേണ്ടെന്ന് പറഞ്ഞെങ്കിലും പദ്ധതിരേഖ തയ്യാറാക്കി പ്രോജക്ടുണ്ടാക്കി കഴിഞ്ഞതിനു ശേഷമാണ് കഴിഞ്ഞ വർഷത്തെ പരിഹാരതുക വയ്ക്കണമെന്ന് പറഞ്ഞു കൊണ്ട് ഉത്തരവിറങ്ങുന്നത്. എവിടെനിന്നെടുത്താണ് ആ തുക വയ്ക്കുന്നത്? ഇവിടെ പറഞ്ഞതുപോലെ പ്രോജക്ട് അപ്‌ലോഡ് ചെയ്തുകഴിഞ്ഞുവെങ്കിൽ എസ്.സി.പി./ടി.എസ്.പി. പ്രോജക്ടുകൾക്കുള്ള പരിഹാരതുക എവിടെനിന്നാണ് എടുത്തുവയ്ക്കുക? അതുകൊണ്ട് ഈ നിർവ്വഹണത്തിലെങ്കിലും പദ്ധതിരേഖ പരിശോധിപ്പിച്ച് അംഗീകരിക്കുക, അടുത്ത വർഷത്തെ പ്രോജക്ടുകളൊക്കെ ഫെബ്രുവരി മാസത്തിനുമുമ്പ് അപ് ലോഡ് ചെയ്യണമെന്ന് പറയുന്നതിനുപകരം ജൂൺ മാസം വരെ നീട്ടിക്കൊടുത്തോളൂ. ഭരണ-പ്രതിപക്ഷാംഗങ്ങൾക്ക് ഒരുമിച്ച് ഇക്കാര്യം ചർച്ച ചെയ്യാം. ഇക്കാര്യം ചർച്ച ചെയ്യുന്നതിന് നിങ്ങൾക്കെന്താണ് ഇത്ര മടി? കേരളത്തിൽ ഇങ്ങനെയല്ലല്ലോ കാര്യങ്ങൾ നടന്നുകൊണ്ടിരുന്നത്? ഞാൻ നിർത്തുകയാണ്. രാജീവ് ഗാന്ധിയുടെ വലിയ സ്വപ്നമാണെന്നൊക്കെ പറയുമ്പോഴും ഇന്ത്യയിൽ ഇപ്പോൾ എന്താണ് നടന്നിരിക്കുന്നത്? കർണ്ണാടകത്തിന്റെ കഥ ബി.ജെ.പി. തീർത്തു. ബംഗാളിൽ ശ്രീമതി മമത ബാനർജി ബി.ഡി.ഒ. രാജ് കൊണ്ടുവന്നിരിക്കുകയാണ്. കോൺഗ്രസ്സ് ഭരിക്കുന്ന ആന്ധ്രയിൽ ഒരുവർഷം കഴിഞ്ഞിട്ടും പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്തിയില്ല, അവിടെ പഞ്ചായത്തില്ല. ഇന്ത്യാരാജ്യം മുഴുവൻ ആ നിലയിലേയ്ക്ക് പോയിക്കൊണ്ടിരിക്കുന്നു. അപ്പോൾ കേരളത്തിൽ, രാജീവ്ഗാന്ധിയുടെ സ്വപ്നമാണെങ്കിൽത്തന്നെ, ഇങ്ങനെയൊരു സ്വപ്നം ബാക്കിയുണ്ടെന്ന് കാണിക്കാനെങ്കിലും ഇന്നത്തെ നില, ഇന്നത്തെ സമീപനം പുനപരിശോധിക്കാൻ തയ്യാറാകണം. സഭ നിറുത്തിവച്ച് ഈ അടിയന്തരസ്വഭാവമുള്ള കാര്യം ചർച്ച ചെയ്യണം.

Uncorrected / Not for publication

**പദ്ധതിനിർവ്വഹത്തിലെ സ്തംഭനാവസ്ഥ**

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, ആദ്യമായി, ഇവിടെ എല്ലാവർക്കും വിതരണം ചെയ്തിട്ടുള്ള ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 2011 മാർച്ചിൽ അവ സാനിച്ച വാർഷിക റിപ്പോർട്ട് ബഹുമാനപ്പെട്ട അംഗം വായിച്ചുനോക്കണം. കഴിഞ്ഞ കാലങ്ങളിൽ ഡി.പി.സി. വരുത്തിയിട്ടുള്ള വീഴ്ചകളുടെ അടിസ്ഥാ നത്തിൽ ഓരോ പദ്ധതികൾക്കും വന്നിട്ടുള്ള പ്രശ്നങ്ങളെ സംബന്ധിച്ച് വളരെ വിശദമായി പറഞ്ഞിട്ടുള്ള ഈ റിപ്പോർട്ട് വായിച്ചുനോക്കിയാൽ മാറ്റ ത്തിന്റെ കാരണമെന്താണെന്ന് അങ്ങേയ്ക്ക് ബോധ്യമാകും. ഈ റിപ്പോർട്ടിന്റെ ഒരു പേജ് വായിച്ചാൽ മതി. ഓരോ ഡി.പി.സി. ചേരുന്ന സമയത്തും കൃത്യമായി വാർഷിക കരട് വികസന പദ്ധതി തയ്യാറാക്കി സർക്കാരിലേയ്ക്ക് അയച്ചുകൊടുത്തില്ലെന്നുള്ളത് മുതൽ ഡി.പി.സി. യിൽ വന്നതുകൊണ്ടുണ്ടാ കുന്ന പ്രശ്നങ്ങളെപ്പറ്റിയും പ്രതിസന്ധികളെപ്പറ്റിയുമെല്ലാം ഇതിൽ പറയു ന്നുണ്ട്. അതേസമയം ഒരു ഭരണഘടനാ സ്ഥാപനമെന്നുള്ള നിലയ്ക്ക് ഡി.പി. സി.-ക്ക് അതിന്റേതായിട്ടുള്ള കുറേ അവകാശങ്ങളുണ്ട്. ആ അവകാശങ്ങ ളിൽ, ഈ പ്രോജക്ട് ഡി.പി.സി. കാണണമെന്നല്ലാതെ പ്രോജക്ടിന് അംഗീകാരം കൊടുക്കണമെന്ന് പറയുന്നില്ല. ഇപ്പോൾ സ്റ്റേറ്റ് ഗവൺമെന്റ് പ്രോജക്ടുകളെക്കുറിച്ച് സെൻട്രൽ ഗവൺമെന്റിനെ അറിയിക്കുമെന്നല്ലാതെ പ്രോജക്ട് ഡീറ്റയിൽസിനെക്കുറിച്ച് അറിയിക്കേണ്ട ആവശ്യമില്ല. അങ്ങനെ യൊരു സിസ്റ്റത്തെക്കുറിച്ച് ഭരണഘടനയിൽപോലും പറയുന്നില്ല. പക്ഷേ ഈയൊരു സിസ്റ്റം കൊണ്ടുവന്ന് ഡി.പി.സിക്ക് കൂടുതൽ അധികാരം കൊടുത്തു. അങ്ങനെ അധികാരം കൊടുത്തപ്പോൾ അത് ഗുണകരമായി

രുന്നോ എന്നുള്ളതാണ് പരിശോധിക്കേണ്ടത്. കഴിഞ്ഞ കാലങ്ങളിൽ എങ്ങനെയായിരുന്നു? മാർച്ച് മാസത്തിൽ ഓരോ പഞ്ചായത്ത് പ്രസിഡന്റുമാരും പദ്ധതികൾ കെട്ടുകെട്ടാക്കി ഓട്ടോറിക്ഷ പിടിച്ച് ഡി.പി.സി-യുടെ മുന്നിൽ കൊണ്ടുപോയി കാത്തുനിൽക്കുന്ന അവസ്ഥയെക്കുറിച്ച് അങ്ങ് വിസ്മരിച്ചുപോയിട്ടുണ്ടോ? സാധാരണ അവിടെ എന്താണ് ചെയ്യാറുണ്ടായിരുന്നത്? ഈ പ്രോജക്ടുകൾ പ്ലാനിംഗ് ഓഫീസർമാർ സീൽ ചെയ്ത് കൊടുക്കുന്ന അവസ്ഥയല്ലാതെ അതിനപ്പുറം എന്തായിരുന്നു അവിടെ ഉണ്ടായിരുന്നത്? അതിന്മേൽ കൂടുതൽ പരാതികൾ വന്നതിന്റെ അടിസ്ഥാനത്തിൽ, കളക്ടർ ഒരു പ്രോസസ്സ് ഉണ്ടാക്കിക്കൊടുക്കുന്നുവെന്ന സിസ്റ്റത്തിലേയ്ക്ക് മാറിയെന്ന് മാത്രമേയുള്ളൂ. ഈ പ്രോജക്ടുകളുടെ ഇംപ്ലിമെന്റേഷൻ സ്റ്റേജിൽ അത് മോണിറ്റർ ചെയ്യാനുള്ള അവകാശം ഡി.പി.സി.-ക്ക് നൽകിയിട്ടുണ്ട്. മാത്രമല്ല, ഇപ്പോൾ വെറ്റ് ചെയ്തിട്ടുള്ള എല്ലാ പ്രോജക്ടുകളും ഡി.പി.സി.യിലേയ്ക്ക് പോവുകയും പരിശോധിച്ചതിനുശേഷം അതിൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ അവർക്ക് തിരിച്ചയയ്ക്കുകയും ചെയ്യാം. നോക്കാനോ തിരിച്ചയയ്ക്കാനോ പറ്റാത്ത രീതിയിൽ പഞ്ചായത്തു പ്രസിഡന്റുമാർ എങ്ങനെയെങ്കിലും പ്രോജക്ടുകൾ തയ്യാറാക്കി ആ പ്രോജക്ടുകളുടെ നിർവ്വഹണം നടത്തി ഈ വർഷംതന്നെ അതിന്റെ ശതമാനം കണക്കാക്കണമെന്ന് പറഞ്ഞ് ഡി.പി.സി.യ്ക്ക് മുമ്പിൽ കാത്തുനിൽക്കുന്ന അവസ്ഥയ്ക്ക് ഒരു മാറ്റം വന്നിരിക്കുന്നു. ഞങ്ങൾ പറഞ്ഞ വാക്കിൽ യാതൊരു വ്യത്യാസവുമില്ല, ഫെബ്രുവരി മാസമാകുമ്പോഴേയ്ക്കും ഞങ്ങൾ അടുത്ത വർഷത്തേയ്ക്കുള്ള പ്രോജക്ട് അപ്ലോഡ് ചെയ്യാൻ തീരുമാനിച്ചിരിക്കുന്നു. ഇനി ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ അതിനോടൊപ്പം തദ്ദേശസ്ഥാപനങ്ങളുടെ പ്രോജക്ടുകൂടി പറയുന്ന ഒരവസ്ഥലയിലേയ്ക്ക് ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായി കേരളം

എത്തുന്നു എന്നുള്ളതിനെ അങ്ങ് ശ്ലാഘിക്കണമെന്ന് ഞാൻ പറയുന്നില്ല. പക്ഷേ ഇത് അപകടകരമാണെന്ന് പറയുന്ന ഒരവസ്ഥ, ഈ നാട്ടിലെ ജനങ്ങളെ ഭയപ്പെടുത്തുന്ന രീതിയിൽ പറഞ്ഞതിലുള്ള പ്രയാസം മാത്രമാണ് ഞാൻ അവതരിപ്പിക്കുന്നത്. ഇവിടെ പദ്ധതി വിഹിതം 10,000 ആയി വച്ചിരിക്കുന്നുവെന്ന് പറഞ്ഞു. കഴിഞ്ഞ കാലങ്ങളിലും ഇങ്ങനെ തന്നെയാണ്. കാരണം, പ്രോജക്ട് മാത്രമല്ല ക്യാരിഓവറായി വരുന്നത്. പ്ലാൻ 3,046 രൂപയാണെങ്കിൽ ക്യാരിഓവറായി വരുന്നത് 500, മെയിന്റനൻസിന് 1000; ഇതിനു പുറമെ അവർക്ക് തനത് ഫണ്ട് ഉണ്ട്, സെൻട്രലി സ്പോൺസേർഡ് സ്കീമുണ്ട്, സംസ്ഥാനം ആവിഷ്ക്കരിച്ചതുണ്ട്, ലോണുണ്ട്. അങ്ങനെ വിവിധ കാര്യങ്ങൾ വച്ചുകൊണ്ടാണ് സാധാരണ അവർ പ്ലാൻ ഉണ്ടാക്കുന്നത്. അതിൽ ചിലപ്പോൾ നേരത്തെ പറഞ്ഞതുപോലെ 10,000 രൂപവരെയൊക്കെ വന്നേയ്ക്കാം. അത് കഴിഞ്ഞ കാലങ്ങളിലും ഉണ്ടായിട്ടുണ്ട്, ആദ്യമായി സംഭവിക്കുന്ന ഒരു കാര്യമല്ല. അതേസമയം ഇപ്രാവശ്യം കൂടുതൽ എക്സ്പെൻഡിച്ചർ വരുമെന്ന് പറയുന്ന ഒരവസ്ഥയാണ് നമ്മുടെ മുന്നിലുള്ളത്. ഫിനാൻസിനെ സംബന്ധിച്ചിടത്തോളം കൂടുതൽ എക്സ്പെൻഡിച്ചർ വരും. ഇനി ചിലപ്പോൾ അങ്ങ് ഇവിടെ അവതരിപ്പിക്കാൻ പോകുന്ന വിഷയം ട്രഷറിയിൽ നിന്നും ഈ പണം പോകുന്നതിന്റെ പേരിൽ സംസ്ഥാനത്തുണ്ടാകാൻ പോകുന്ന പ്രതിസന്ധിയെക്കുറിച്ചായിരിക്കും. കാരണം, ആ രീതിയിൽ പഞ്ചായത്തുകളിൽ എക്സ്പെൻഡിച്ചർ വരാൻ പോകുന്ന ഒരു സാഹചര്യമാണ് നിലവിലുള്ളത്. അതിനെക്കുറിച്ചാണ് നമ്മൾ ചർച്ച ചെയ്യേണ്ടത്. അതുകൊണ്ട് ഈ ഒരു അവസ്ഥ ഇവിടെ ഇല്ല. മാത്രമല്ല, അവസാന നിമിഷം ഞങ്ങൾ ഐ. എ. വൈ. പദ്ധതി പ്രകാരം 5,900 വീടുകൾ കൊടുത്തു.

അതിൽ 75,000 രൂപ കൊടുക്കുമെന്ന് മാണി സാർ പറഞ്ഞു. കേന്ദ്ര വിഹിത മായി 48,500 രൂപ വരുന്നു. അങ്ങനെ 1,23,500 രൂപയാണ്. അങ്ങനെ 25:50:25 എന്ന അനുപാതത്തിൽ ഇവിടെ ത്രിതല പഞ്ചായത്തുകൾക്ക് 76,500 രൂപയുടെ ബാദ്ധ്യത മാത്രമാക്കി. 100 കോടി രൂപ വച്ചുകൊണ്ട് ഇതെല്ലാം എങ്ങനെ കൊടുക്കുമെന്നാണെങ്കിൽ, എല്ലാ വീടുകൾക്കും അതിന്റെ എല്ലാ ഗഡുക്കളും ഒരുമിച്ച് കൊടുത്തിട്ടുള്ള ചരിത്രം എപ്പോഴെങ്കിലുമുണ്ടായി ട്ടുണ്ടോ? ഈ മാർച്ച് മാസമാകുമ്പോഴേയ്ക്കും കൊടുക്കേണ്ടി വരുന്ന ഗഡു ക്കൾക്കുവേണ്ടി, കൊടുക്കുന്നതിനുവേണ്ടിയുള്ള പണം നിങ്ങൾ വകയിരു ത്തി. ധനസഹായം 2 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചതിന്റെ അധികബാദ്ധ്യത വരുന്നതാണ് ഹഡ്കോയിൽ നിന്നും ലോണാക്കി 400 കോടി രൂപ ഇ. എം. എസ്. ഭവന പദ്ധതിക്കും 200 കോടി രൂപ ഐ. എ. വൈ. ക്കും അതിനുപു റമേ 100 കോടി രൂപ വേറെയും വരുന്നത്. അത് വച്ചുകൊണ്ട് ബ്ലോക്ക് പഞ്ചായത്തുകൾക്ക് വന്നിട്ടുള്ള ബാദ്ധ്യത നമ്മൾ കുറച്ചുകൊടുത്തു. മാത്രമ ല്ല, പോഷകാഹാര വിഹിതത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തുകളെ ഞങ്ങൾ റിലാക്സ് ചെയ്തുകൊടുത്തു. ഈ ഗഡുക്കൾ കൊടുക്കുന്നതിനാവ ശ്യമായ പണം ഇവിടെയുണ്ട്. അടുത്ത വർഷത്തെ കാര്യത്തിൽ എന്താണ് വേണ്ടതെന്നുവച്ചാൽ അത് കൊടുക്കും. ഐ. എ. വൈ. പദ്ധതിയും ഇ. എം. എസ്. പദ്ധതിയും തകർന്നുപോകുന്ന അവസ്ഥ എന്തായാലും ഈ ഗവൺമെന്റ് ഉണ്ടാക്കില്ലെന്ന കാര്യം ഇവിടെ ഉറപ്പ് നൽകാൻ ആഗ്രഹിക്കുക യാണ്. ഈ രണ്ട് പദ്ധതികളെ സംബന്ധിച്ചുമുള്ള യാതൊരു ഭയപ്പാടും ആർക്കും ആവശ്യമില്ല. വീടുകൾ എല്ലാവർക്കും ലഭിക്കുകയെന്നുള്ള കാര്യ ത്തിൽ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. മുൻ ഗവൺമെന്റുണ്ടാക്കിയ

പദ്ധതിയാണെന്ന പേരിൽ അത് വഴിക്കുവച്ച് നിർത്തിപോകുന്ന ഒരു സാഹചര്യം ഇവിടെ ഉണ്ടാക്കില്ല. എസ്. സി. പി.-യുമായി ബന്ധപ്പെട്ട് ചിലകാര്യങ്ങൾ പറഞ്ഞു. താഴെത്തട്ടിലെ ഉദ്യോഗസ്ഥന്മാർ തന്നെയാണ് അത് കൊടുക്കുന്നത്. അതിൽ എന്തെങ്കിലും പ്രയാസം ഉണ്ടെങ്കിൽ, അതായത് ഷെഡ്യൂൾഡ് കാസ്റ്റുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ അതിന്റെ ഫീസിബിലിറ്റി കൊടുക്കാത്തതിന്റെ പേരിൽ പ്രതിസന്ധിയുണ്ടെന്ന് വരികയാണെങ്കിൽ ഞങ്ങൾക്ക് അതിലും കടുംപിടിത്തമില്ല. അടുത്ത വർഷം ആവശ്യമായ മാറ്റങ്ങൾ വരുത്തണമെങ്കിൽ വരുത്താൻ തയ്യാറാണ്. അങ്ങോട്ടുമിങ്ങോട്ടും വ്യതിചലിക്കില്ലെന്ന് പറഞ്ഞുകൊണ്ടുള്ള ശക്തമായ നിലപാടൊന്നും ഞങ്ങൾ എടുത്തിട്ടില്ല. അതേസമയം ഈ വമ്പിച്ച മാറ്റം, ആ മാറ്റം കേരളത്തിനുണ്ടാക്കാൻ പോകുന്ന ഉജ്ജ്വലമായ ഒരു മുന്നേറ്റം, പ്രത്യേകിച്ച് പഞ്ചായത്തുകൾക്ക് ലഭിച്ചിരിക്കുന്ന കൂടുതൽ സ്വാതന്ത്ര്യം, അധികാര വികേന്ദ്രീകരണ കാര്യത്തിൽ പഞ്ചായത്തുകൾക്ക് സ്വാതന്ത്ര്യം കൊടുക്കണമെന്നു തന്നെയാണ്. അതേസമയം പഞ്ചായത്തുകളെ അങ്ങനെ വിട്ടാൽ പറ്റുമോ; അതിനെ നിയന്ത്രിക്കുന്നതിനുവേണ്ടി ചില ബോഡികൾ മുകൾത്തട്ടിൽ വേണ്ടേ എന്നും പറയുന്നതും നിങ്ങളാണ്. ഇത് രണ്ടും ഒരേ സമയത്ത് നടക്കില്ല. അതുകൊണ്ട് അധികാരം യഥാർത്ഥത്തിൽ പഞ്ചായത്തുകൾക്ക് ലഭ്യമാക്കുന്നതിനുവേണ്ടി, താഴെത്തട്ടിൽ ഗ്രാമസഭകളെ സുശക്തമാക്കുന്നതിനുവേണ്ടി, ഗ്രാമസഭകളിൽ എടുക്കുന്ന തീരുമാനങ്ങൾ യാഥാർത്ഥ്യമായി വരുന്നതിനുവേണ്ടി, ഗ്രാമസഭ എടുക്കുന്ന തീരുമാനം ഇനിയും ഇവിടെ നടപ്പിലാക്കണമോ എന്നുള്ളതാണ്. ടാഗ് എങ്ങനെയായിരുന്നു നടത്തിയിരുന്നത്? ബ്ലോക്ക് ലെവലിലാണ് ടാഗിന്റെ ഉദ്യോഗസ്ഥന്മാർ ഇരിക്കുക, എല്ലാ ആളുകളും ടാഗിന്റെ ഉദ്യോഗസ്ഥരെ തേടി അങ്ങോട്ട് പോകണം. ഈ സാഹചര്യം മാറിക്കിട്ടിയില്ലേ? തൊട്ടടുത്തുള്ള ഉദ്യോഗ

സ്ഥൻ അതിന് മുകളിലുള്ള ഒരു ഉദ്യോഗസ്ഥന് കാര്യങ്ങൾ ചെയ്തുകൊടുക്കാൻ പറ്റുന്നുവെന്ന് വന്നപ്പോൾ അതിനനുസരിച്ചുള്ള ഒരു മുന്നേറ്റം ഈ മേഖലയിൽ ഉണ്ടായിട്ടില്ലേ? അതിനെ ചെറുതായി കാണുകയും വീണ്ടും ഇതിനെ പഴയ രീതിയിലേയ്ക്കുതന്നെ കൊണ്ടുപോകണമെന്ന് പറയുകയും ചെയ്യുന്നതിലെ അർത്ഥമെന്താണെന്ന് മനസ്സിലാകുന്നില്ല. ഏതായാലും ഇത് സംബന്ധിച്ച് ഇവിടെ അടിയന്തിരമായി ചർച്ച ചെയ്യേണ്ട ഒരു വിഷയമല്ലാത്തതുകൊണ്ട് ഈ അടിയന്തിര പ്രമേയത്തിന് പ്രസക്തിയില്ല. അതുകൊണ്ട് സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട അടിയന്തിര സാഹചര്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട ഡോ. തോമസ് ഐസക് ഇപ്രാവശ്യം വന്ന ചില നല്ല നിർദ്ദേശങ്ങളെക്കുറിച്ച് അങ്ങേയ്ക്ക് അറിയാതെയല്ല, പക്ഷെ കണ്ടില്ലെന്ന് നടിച്ചു. ഞങ്ങൾ ഈ മാറ്റങ്ങൾ വരുത്തിയത് ഏകപക്ഷീയമായിട്ടല്ല, കേരളത്തിലെ എല്ലാ പാർട്ടികൾക്കും പ്രാമുഖ്യമുള്ള പഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷനുമായി ആലോചിച്ചാണ് ചെയ്തത്. ബ്ലോക്ക് പഞ്ചായത്തിന്റേയും ജില്ലാ പഞ്ചായത്തിന്റേയും മുനിസിപ്പൽ കൗൺസിലർമാരുടെയും ചേമ്പർ ഓഫ് കോമേഴ്സ് ചെയർമാൻമാരുടെയും അഭിപ്രായങ്ങൾ സ്വീകരിച്ചുകൊണ്ടാണ് ചില മാറ്റങ്ങൾ കൊണ്ടുവന്നത്. പഞ്ചായത്തുകൾക്കും ഫൈവ് ഇയർ പ്ലാൻ അംഗീകരിക്കണമെന്നുള്ളത് അവരുടെ ആവശ്യമായിരുന്നു. കുറച്ചുകൂടി പ്ലാൻ ചെയ്ത് കാര്യങ്ങൾ ആലോചിച്ച് ചെയ്യുന്നതിന് ഫൈവ് ഇയർ പ്ലാൻ വേണം. വളരെ വലിയൊരു മാറ്റമാണ് അത് വരുത്തിയത്. ആദ്യത്തെ വർഷമാണിത്. ആദ്യത്തെ വർഷമായതുകൊണ്ട് തുടക്കത്തിൽ ചെറിയ ചില പ്രശ്നങ്ങളുണ്ടായി. പക്ഷേ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദമായി മറുപടി പറഞ്ഞു.

ഇപ്രാവശ്യം എക്സ്പെന്റിച്ചർ സർവ്വകാല റിക്കോർഡായിരിക്കും, യാതൊരു സംശയവും വേണ്ട. അടുത്ത വർഷം മുതലാണ് ഇതിന്റെ ക്വാളിറ്റി ലഭിച്ചുതുടങ്ങുന്നത്. ഫസ്റ്റ് ക്വാർട്ടറിൽത്തന്നെ ത്രിതല പഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും പദ്ധതി പ്രവർത്തനം ആരംഭിച്ചിരിക്കും. അവസാനത്തെ ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ ഫണ്ട് ഡമ്പ് ചെയ്ത് ചെലവാക്കുന്നതിനുപകരം ഫസ്റ്റ് ക്വാർട്ടർ മുതൽതന്നെ പ്രവർത്തനങ്ങൾ നടത്തിത്തുടങ്ങും. തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക്, ജനാധിപത്യ സമിതിക്ക് പൂർണ്ണ സ്വാതന്ത്ര്യം കൊടുക്കാനുള്ള ഈ നീക്കങ്ങളെ അങ്ങ് എന്താണ് കാണാതെ പോയത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, മുഖ്യമന്ത്രി, മന്ത്രിമാർ എല്ലാവരും ഇവിടെയുണ്ട്. ഒരു പദ്ധതി അംഗീകരിച്ചുകഴിഞ്ഞാൽ മന്ത്രിക്ക് ഇഷ്ടംപോലെ പ്രോജക്ട് മാറ്റാനും വേറെ സ്കീമിലേയ്ക്ക് പോകാനുമുള്ള സ്വാതന്ത്ര്യവുമുണ്ടോ, ഇല്ലല്ലോ? ജനാധിപത്യമെന്നുപറഞ്ഞാൽ ചെക്ക്സ് ആന്റ് ബാലൻസുണ്ട്, സഭ അംഗീകരിച്ചിട്ടുള്ള രേഖയുണ്ട്, പ്ലാനിംഗ് ബോർഡ് അംഗീകരിച്ച രേഖയുണ്ട്, അതനുസരിച്ചേ ചെയ്യാൻ പറ്റൂ. ഇതൊക്കെത്തന്നെയാണ് പഞ്ചായത്തിലുമുള്ളത്. അതിനപ്പുറം എന്താണുള്ളത്?

ശ്രീ. ഉമ്മൻ ചാണ്ടി: ഇതിന് മുമ്പ് അങ്ങനെയായിരുന്നോ?

ഡോ. ടി. എം. തോമസ് ഐസക്: അതേ.

ശ്രീ. ഉമ്മൻ ചാണ്ടി: ടാഗ് എന്തായിരുന്നു?

ഡോ. ടി. എം. തോമസ് ഐസക്: ഇപ്പോൾ ആരാണ് നോക്കുന്നത്? ഒരു ഉദ്യോഗസ്ഥൻ നോക്കുന്നു. ഒരൊറ്റ ഉദ്യോഗസ്ഥൻ നോക്കുന്നതിനുപകരം ആ ഉദ്യോഗസ്ഥന്റെ കൺവീനർഷിപ്പിൽ അഞ്ചാറുപേർ, അദ്ദേഹത്തിന്റെ

സമശീർഷകരായ ഏതാനും ആളുകൾ നോക്കുന്നു, എന്താണ് വ്യത്യാസമുള്ളത്?

ശ്രീ. ഉമ്മൻ ചാണ്ടി: ഇവിടെ ജനപ്രതിനിധികളുടെ മുകളിൽ ആരെയും പ്രതിഷ്ഠിക്കാൻ ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല.

ഡോ. ടി. എം. തോമസ് ഐസക്: ഈ പറയുന്ന അങ്ങ് ജനപ്രതിനിധിയുടെ മുകളിൽ അവരുമായി യാതൊരു ബന്ധവുമില്ലാത്ത ഉദ്യോഗസ്ഥരെ വയ്ക്കുന്നു, കളക്ടർക്ക് ഡി. പി. സി. പ്രാക്ടീസ്. കളക്ടർ അദ്ധ്യക്ഷനായുള്ള സമിതിയെ പരാതി കമ്മീഷനായി നിയമിച്ചിരിക്കുന്നു.

ശ്രീ. ഉമ്മൻ ചാണ്ടി: അതുകൊണ്ട് ഇവിടെ വന്ന ചില നല്ല മാറ്റങ്ങൾ, ക്വാളിറ്റേറ്റീവായ ചെയ്ഞ്ച് അങ്ങ് കാണാതെ പോയത് ശരിയായില്ല. ഫണ്ട് വിനിയോഗിക്കുന്നതിന് പഞ്ചായത്തുകൾക്ക് സ്വാതന്ത്ര്യം കൊടുത്തു. മറ്റേത് വാട്ടർ ടൈപ്പ് കമ്പാർട്ടുമെന്റായിട്ടാണ് വച്ചിരുന്നത്. അത് മാറ്റി ഇന്ന് പഞ്ചായത്തുകൾക്ക് സ്വാതന്ത്ര്യം കൊടുത്തു. നമ്മൾ കേന്ദ്രത്തോട് പറയുന്നു, സംസ്ഥാനങ്ങൾക്ക് ഫണ്ട് വിനിയോഗിക്കാനുള്ള അധികാരം വേണം. അങ്ങനെയാണെങ്കിൽ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കൊടുക്കണ്ടേ? ഞങ്ങൾ പറയുന്ന കാര്യം ആത്മാർത്ഥതയോടുകൂടിയുള്ളതാണെന്ന് ചെയ്തുകാണിക്കുന്നു.

ഡോ. ടി. എം. തോമസ് ഐസക്: സർ, നേരത്തെ 35 ശതമാനത്തിലധികം പശ്ചാത്തല മേഖലയ്ക്ക് പാടില്ല, 30 ശതമാനമെങ്കിലും ഉൽപ്പാദന മേഖലകൾക്ക് വേണം എന്നായിരുന്നു. ഇപ്പോൾ നിങ്ങളത് 35 ശതമാമനം എന്നത് 45 ശതമാനമാക്കി മാറ്റി. ഉൽപ്പാദന മേഖലയ്ക്ക് (കൃഷിക്ക്) പൂജ്യം ചെലവാ

ക്കിയാലും കുഴപ്പമില്ലെന്ന് പറഞ്ഞു. ഇതാണോ സ്വാതന്ത്ര്യം? നേരത്തെ എന്ത് അസ്വാതന്ത്ര്യമാണ് ഉണ്ടായിരുന്നത്?

ശ്രീ. ഉമ്മൻ ചാണ്ടി: തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് ആ പഞ്ചായത്തിന്റെ, ആ പ്രദേശത്തിന്റെ സാഹചര്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട്, അങ്ങ് അങ്ങയുടെ നിയോജക മണ്ഡലത്തിലെ പഞ്ചായത്ത് മെമ്പർമാരോട് ചോദിച്ചുനോക്കുക, അതിന് തയ്യാറാകുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ അവരോടെല്ലാം ചോദിച്ചിട്ടുണ്ട്, എല്ലാവരും ഇതുകൊണ്ടുണ്ടായിട്ടുള്ള പ്രശ്നങ്ങൾ പറഞ്ഞിട്ടുമുണ്ട്. അവർ പറഞ്ഞതുകൊണ്ടാണ് ഈ അടിയന്തിര പ്രമേയം ഞാൻ കൊണ്ടുവന്നത്.

ശ്രീ. ഉമ്മൻ ചാണ്ടി: ഞാൻ പഞ്ചായത്ത് അസോസിയേഷന്റെ മീറ്റിംഗിന് പോയിട്ടുണ്ട്, അവരുമായി ഇന്ററാക്ഷൻ നടത്തിയിട്ടുണ്ട്, പലവിധത്തിലുള്ള ചർച്ചകൾ നടത്തിയിട്ടുണ്ട്. നമ്മുടെ ത്രിതല പഞ്ചായത്തുകളുടെ ഗുണപരമായ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സഹായകരമായിട്ടുള്ള സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ഈ വർഷം റിക്കോർഡ് എക്സ്പെന്റിച്ചർ കൊണ്ടുവരാൻ സാധിക്കുമെന്നുള്ള പൂർണ്ണ വിശ്വാസത്തിലാണ് നീങ്ങുന്നത്. ബഹുമാനപ്പെട്ട ഡോ. തോമസ് ഐസക്, അടുത്ത വർഷം ഫസ്റ്റ് ക്വാർട്ടറിൽ പഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനം ആരംഭിച്ചിരിക്കും. അതാണ് ഈ ഗവൺമെന്റിന്റെ ലക്ഷ്യം.

മി. സ്പീക്കർ: ഗവൺമെന്റിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിര പ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തിരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചു)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, നമ്മുടെ മുഖ്യമന്ത്രി പഞ്ചായത്തുകളുടെ വകുപ്പുകൾ മൂന്ന് മന്ത്രിമാർക്ക് വിഭജിച്ചു കൊടുത്ത ആളാണ്. എന്നിട്ട് അദ്ദേഹം ഇതിനെ കൺവീൻ ചെയ്യുമെന്നും ഇവരെയൊക്കെ വിളിച്ചുകൂട്ടുമെന്നുമൊക്കെയാണ് പറഞ്ഞിട്ടുള്ളത്. ഇതു വരെ അദ്ദേഹത്തിന് മന്ത്രിമാരെ വിളിച്ചുകൂട്ടാനോ ഇതുസംബന്ധിച്ച് വേണ്ട ഡയറക്ഷൻ കൊടുക്കാനോ കഴിഞ്ഞിട്ടില്ല. അതിന്റെ ഫലമെന്താണെന്നുവച്ചാൽ ഭരണം തുടങ്ങിയിട്ട് പത്തിരുപത് മാസമായെങ്കിലും ചെലവാക്കിയിട്ടുളളത് 5% മാത്രമാണ്. ഇത് ശ്രീ. എ.എ. അസീസിന്റെ നിയമസഭാ ചോദ്യത്തിന് സർക്കാരിൽ നിന്നും കിട്ടിയിരിക്കുന്ന മറുപടിയാണ്. ഈ തരത്തിൽ നിങ്ങൾ തന്നെ പരാജയം സമ്മതിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇതിനെപറ്റിയെല്ലാം വലിയ വായിൽ എല്ലാം നടന്നുകഴിഞ്ഞിരിക്കുന്നുവെന്ന് പറയുന്നു. അത് നടന്നിട്ടില്ലായെന്ന് നിങ്ങൾക്ക് തന്നെ ബോധ്യമുണ്ട്. കാരണം ജനപ്രതിനിധികളുടെ മേൽ കളക്ടർമാരെ നിങ്ങൾക്ക് കയറ്റിവയ്ക്കേണ്ടിവന്നു. ആ തരത്തിൽ ഇത് ദയനീയമായ പരാജയത്തിലേയ്ക്കാണ് പോയിട്ടുള്ളത് എന്നതാണ് വസ്തുത. ജനപ്രതിനിധികളെ വിശ്വാസത്തിലെടുത്ത് അവർക്കുവേണ്ട സഹായങ്ങൾ ചെയ്തുകൊടുത്ത് പദ്ധതി വിഹിതം ശരിയായ വിധത്തിൽ നടപ്പിലാക്കിക്കൊണ്ടുപോകാൻ ഗവൺമെന്റ് ഒന്നും ചെയ്തിട്ടില്ല. കളക്ടർരാജ്, ഉദ്യോഗസ്ഥരാജ് എന്നിവയാണ് ഇപ്പോൾ നിങ്ങളുടെ ഭരണംവഴി കൊണ്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് പരാജയം സമ്മതിച്ചുകൊണ്ട് മുഖ്യമന്ത്രി ഈ കാര്യത്തിൽ യഥാർത്ഥ വസ്തുതകൾ പറയുമെന്നാണ് ഞാൻ കരുതിയത്. അത് അദ്ദേഹത്തിന് പറയാനില്ല. എന്നിട്ടും ഏതാണ്ട് വലിയ കാര്യം ചെയ്തുവെന്നുള്ള വിധത്തിൽ കളക്ടർമാരെ

പഞ്ചായത്തു പ്രസിഡന്റുമാരുടേയും ബ്ലോക്ക് പ്രസിഡന്റുമാരുടേയും തല യിൽ കയറ്റിവച്ചതിനെപറ്റി അഭിമാനത്തോടുകൂടിയാണ് സംസാരിക്കുന്നത്. വളരെ ദയനീയമാണ് നമ്മുടെ ഗ്രാമപഞ്ചായത്തുകളുടെ സ്ഥിതി. അതിനെ സംബന്ധിച്ച് ഒരു ദുഖം പോലും തോന്നാൻ കഴിയാത്ത വിധത്തിൽ ഏതാണ്ട് വലിയ കാര്യം ചെയ്തുവെന്നുള്ള നിലയിലാണ് വകുപ്പുമന്ത്രിയുടെ നിലപാട്. ഏതാണ്ട് 5% പ്രവർത്തനം നടത്തിയിട്ടുള്ള മന്ത്രിയാണ് ഒരുപാട് കാര്യങ്ങൾ ഇപ്പോൾ വിശദീകരിച്ചത്. അദ്ദേഹത്തിന്റെ നേതാവായിട്ടുള്ള മുഖ്യമന്ത്രിയും വിശദീകരണം നടത്തി ജനപ്രതിനിധികളെയും, അസംബ്ലിയെയും തെറ്റിദ്ധരി പ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിരിക്കുന്നതിൽ ഞങ്ങൾ ശക്തിയായി പ്രതിഷേധിക്കുന്നു. ഞങ്ങളുടെ ശക്തമായ പ്രതിഷേധം പ്രകടിപ്പിച്ചുകൊണ്ട് ഈ സഭയിൽ നിന്നും വാക്ക് ഔട്ട് ചെയ്യുകയാണ്;

(സർക്കാരിന്റെ നിലപാടിൽ പ്രതിക്ഷേധിച്ച് പ്രതിപക്ഷ നേതാവും അദ്ദേ ഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭയിൽ നിന്നും ഇറങ്ങിപ്പോയി)

മി. സ്പീക്കർ : ........(ബഹളം).................... വാക്ക്ഔട്ട് ചെയ്യുക എന്നത് പ്രതിപക്ഷത്തിന്റെ അവകാശമാണ്. പ്ലീസ്, പ്ലീസ്.

ശ്രീ. സി. ദിവാകരൻ: സർ, കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളിൽ ഗവൺമെന്റിന്റെ ഫണ്ട് വിനിയോഗിച്ചതിൽ ദാരുണമായി പരാജയപ്പെ ട്ടിരിക്കുന്നുവെന്നുള്ളതാണ് ഇതുവരെയുള്ള കണക്കുകളിലൂടെ പുറത്തുവന്നി രിക്കുന്നത്. 14.12.2012-ൽ നക്ഷത്ര ചിഹ്നമിടാത്ത 1476-ാം നമ്പർ ചോദ്യ ത്തിൽ സംസ്ഥാനത്ത് ബ്ലോക്ക് പഞ്ചായത്തുകൾക്ക് പദ്ധതിവിഹിതമായി എത്ര കോടി രൂപയാണ് ഈ വർഷം അനുവദിച്ചതെന്ന് ചോദിച്ചു? ബ്ലോക്കിന്റെ വകുപ്പ് ആരാണ് കൈകാര്യം ചെയ്യുന്നതെന്ന് എനിക്കറിയില്ല.

375.67 കോടി രൂപ. നാളിതുവരെ എത്ര കോടി രൂപ ചെലവഴിച്ചു? (അതി നുള്ള ഉത്തരം 21.93 കോടി രൂപ ചെലവഴിച്ചു) ചെലവിന്റെ ശതമാനം എത്ര യെന്ന് വ്യക്തമാക്കാമോ? പദ്ധതി വിഹിതത്തിന്റെ 5.85% ആണ്. മുഖ്യമന്ത്രി പറഞ്ഞതും ഇതുമായിട്ട് വല്ല ബന്ധവുമുണ്ടോ? 30.11.2012 വരെ വികസന ത്തിനുവേണ്ടി മൊത്തം ഉണ്ടായിരുന്നത് 375 കോടി രൂപ. നിങ്ങൾ ഇത്രയും കാലം ചെലവഴിച്ചത് 21 കോടി രൂപയാണ്. നിങ്ങൾ ചെലവഴിച്ചതിന്റെ ശതമാനം 5%. അതല്ലേ ഇവിടത്തെ പ്രശ്നം. നമ്മുടെ പഞ്ചായത്ത് പ്രസി ഡന്റുമാർ സമരത്തിലാണ്. ബ്ലോക്കുകളിൽ വികസനം നടക്കുന്നില്ല. ഫണ്ടുകൾ നിങ്ങൾ കൊടുത്തു. ഇപ്പോൾ ചെലവാക്കുമെന്ന് പറയുന്നു. അനു വദിച്ച ഫണ്ട് നിങ്ങൾ ചെലവാക്കിയിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിലച്ചാൽ അതീവ ഗുരുതരമായ സ്ഥിതിയുണ്ടാകും. ഇവിടെ വെയ്സ്റ്റ് നീക്കം ചെയ്യുന്ന ഒരു മന്ത്രിയുണ്ട്. മാലിന്യം നീക്കം ചെയ്യുന്ന മന്ത്രി. നിങ്ങൾ മൂന്നു പേരുംകൂടി വിചാരിച്ചിട്ട് ഈ വിളപ്പിൽശാലയെയും തിരുവനന്തപുരം കോർപ്പ റേഷനെയും തമ്മിൽ അടുപ്പിക്കാനും കോടതി കയറാനും പോലീസിനെ ഇറ ക്കാനുമല്ലാതെ വെയ്സ്റ്റ് ഡിസ്പോസലിന്റെ കാര്യത്തിൽ കേരളത്തിൽ ഇതുവരെ നിങ്ങൾക്ക് തീരുമാനമെടുക്കാൻ കഴിഞ്ഞോ?. എന്ത് തീരു മാനമാണ് നിങ്ങളെടുത്തത്?. ഒരു തീരുമാനവുമില്ല. നിങ്ങൾ നഗരസഭയെ കുറ്റം പറയുന്നു. നഗരസഭ വിളപ്പിൽ പഞ്ചായത്തിനെ കുറ്റം പറയുന്നു. ആളുകൾ തമ്മിൽ അടി. പോലീസ് ഇറങ്ങുന്നു. ഹൈക്കോടതി ഇടപെടുന്നു. പോലീസ് പിൻവാങ്ങുന്നു. വെടിവെയ്ക്കാൻ വയ്യെന്ന് മന്ത്രി പറയുന്നു. ഇത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. അല്ലാതെ തോക്കിന്റെ

കാര്യമൊന്നും പറയേണ്ട. അത് നിങ്ങളുടെ ചുമതലയാണ് . നിങ്ങൾ അത് ചെയ്യുന്നില്ല. ആ കാര്യത്തിലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പരാജയ പ്പെട്ടത്. പ്രതിപക്ഷത്തിന് പറയാനുള്ളത് പറയാൻ സമ്മതിക്കില്ല. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടീ, ഇപ്പുറത്തിരിക്കാനുള്ളതല്ലേ? ദയവുചെയ്ത് അവിടെ ഇരിക്ക്. നിങ്ങളുടെ പരിശീലനമൊക്കെ എനിക്ക് അറിയാം. ഇത് ഗുരുതരമായ അവസ്ഥയാണ്. വെറുതെ ഞങ്ങൾ ആക്ഷേപിക്കുകയല്ല. ഭരണകക്ഷിയിലു ള്ളവർ പദ്ധതിവിഹിതം എങ്ങനെ ചെലവാക്കാമെന്നുള്ളതിനെ സംബന്ധിച്ച് ഗൗരവമായി ആലോചിക്കണം. അത് ആലോചിക്കുന്നതിനുപകരം, അത് ചർച്ച ചെയ്യുന്നതിനുപകരം ചർച്ച ചെയ്യാൻ അനുവദിക്കില്ല. ആരും ഒന്നും പറയണ്ട. ഞങ്ങൾ വാമൂടികെട്ടി പോകണം. അങ്ങനെയാണോ? ഈ ചർച്ച അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്ക്ഔട്ട് ചെയ്യുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിക്ഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേ ഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭയിൽ നിന്നും ഇറങ്ങിപ്പോയി)

ശ്രീ. മാത്യു ടി തോമസ് : ബഹുമാനപ്പെട്ട സ്പീക്കർ സർ, കേരള ത്തിന്റെ ചരിത്രത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിമാരുടെ എണ്ണം പെരുകിയ ഒരു കാലഘട്ടമുണ്ടായിട്ടില്ല. പഞ്ചായത്തിന് ഒരു മന്ത്രി, നഗരത്തിനൊരു മന്ത്രി, ഗ്രാമവികസനത്തിന് വേറൊരു മന്ത്രി. ഈ മന്ത്രിമാരെയെല്ലാം ഏകോപിപ്പിക്കാൻ വേണ്ടി മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഒരു ഉപസമിതി. ഈ സംവിധാനമൊക്കെ നിൽക്കുമ്പോൾ തന്നെ മന്ത്രിമാർ തമ്മിൽ ഏകോപനമില്ലാത്തതിന്റെ ഒരു ഉത്തമ ഉദാഹരണമാണ് ഡിസംബർ

മാസമായിട്ടും പഞ്ചായത്തിന്റെ പദ്ധതി വിഹിതം 5% മാത്രം ചെലവഴിച്ച ഒരു ദുരവസ്ഥയിൽ കേരളമെത്തിയത്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട അംഗം, ഒരുപാട് സംസ്ഥാനങ്ങളിൽ പ്രൈമറി എഡ്യൂക്കേഷൻ, ഹയർ സെക്കൻഡറി എഡ്യൂക്കേഷൻ, ഉന്നത വിദ്യാഭ്യാസം ഇതിനൊക്കെ മൂന്നിനും മൂന്ന് മന്ത്രിമാരുണ്ട്. അങ്ങേയ്ക്ക് അറിയാവുന്നതാണിത്. ഇടപെട്ടതല്ല. പ്ലീസ്.

ശ്രീ. മാത്യു ടി തോമസ് : ഏതായാലും ഈ സംസ്ഥാനത്ത് പഞ്ചായത്തിനൊരു മന്ത്രിയും മുനിസിപ്പാലിറ്റിക്കൊരു മന്ത്രിയുമൊക്കെ ചേരുകയും അവരെ ഏകോപിപ്പിക്കാൻ വേണ്ടി മുഖ്യമന്ത്രി അദ്ധ്യക്ഷനായി ഒരു സംവിധാനമുണ്ടായതും ആദ്യമായിട്ടാണ്. അത് നല്ല സംവിധാനമാണെന്ന് ധരിച്ചു കൊള്ളുക. പക്ഷേ അതിന്റെ റിസൽട്ട് അഞ്ച് വർഷ പദ്ധതിയിൽ ഒന്നാം വർഷം ഒമ്പത് മാസം പിന്നിട്ടപ്പോൾ നമ്മുടെ ചെലവ് 5%. മന്ത്രിമാർ തമ്മിൽ ഏകോപനമില്ല. മറ്റ് സംസ്ഥാനത്ത് ഏകോപനമുണ്ടായിരിക്കാം. എനിക്ക് അറിഞ്ഞുകൂടാ. ഞാൻ കേരളത്തിലെ നിയമസഭയിൽനിന്ന് ബഹുമാനപ്പെട്ട സ്പീക്കറുടെ മുമ്പിൽ പറയുമ്പോൾ സ്പീക്കർ എന്നെ മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് കൊണ്ടുപോകരുത്.

മി. സ്പീക്കർ : നോ, നോ പ്ലീസ്, ഞാൻ ......

ശ്രീ. മാത്യു ടി തോമസ് : ഇവിടെയിപ്പോൾ ചെലവ് 5% ആണ്. അക്കാര്യത്തിൽ മന്ത്രി തന്നെ നൽകിയിരിക്കുന്ന ഉത്തരമാണ്. ഇത് ഏകോപനമില്ലായ്മയുടെ ഉത്തമ ഉദാഹരണമാണ്. കേരളത്തിൽ പ്രവർത്തിച്ചിരുന്ന ഡി.പി.സി. കളെ വെറും നോക്കുകുത്തികളാക്കി. ഉപദേശക സമിതികളെ വേണ്ടന്നുവച്ചു. മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതിൽ കാലതാമസമുണ്ടായി. ഇപ്പോൾ ബഹുമാ

നപ്പെട്ട മന്ത്രി ഡോ എം. കെ. മുനീർ പറയുന്നത് ഒരു ലക്ഷത്തിലധികം പ്രോജക്റ്റുകൾ വെറ്റ് ചെയ്തുകഴിഞ്ഞുവെന്നാണ്. മന്ത്രി ഉദ്ദേശിച്ച വെറ്റ് എന്താണെങ്കിലും ഈ പ്രോജക്ടുകളെല്ലാം നനഞ്ഞുകുതിർന്നു കിടക്കുകയാണ്.  വേറെ വെറ്റായിരിക്കും അദ്ദേഹം ഉദ്ദേശിച്ചത്. ഒരു കാര്യത്തിലും മുന്നോട്ടുപോകാൻ കഴിയുന്നില്ല. കേരളത്തിനും ഇന്ത്യയ്ക്കും ലോകത്തിനും തന്നെ മാതൃകയായിരുന്നു അധികാരവികേന്ദ്രീകരണം. ശ്രീ. ജയറാം രമേശ് തന്നെ ഇവിടെ വന്ന് അഭിനന്ദിക്കുന്ന തരത്തിൽ കേരളത്തിലെ സംവിധാനം വളർന്നുവെങ്കിൽ ജയറാം രമേശിന്റെ അഭിനന്ദനത്തെ പോലും അപഹസിക്കുന്ന തരത്തിൽ ഈ ഏകോപന സമിതിയിൽ അംഗമായ മന്ത്രി അടക്കമുള്ള കേരളത്തിലെ മന്ത്രിമാർ സംസാരിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ തദ്ദേശ സ്വയംഭരണ  സ്ഥാപനങ്ങളിലെ പദ്ധതികൾ മുഴുവൻ താറുമാറായി. ഗ്രാമതലങ്ങളിൽ വികസനപ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്തത്രതരത്തിലുള്ള ഒരു ദുരവസ്ഥ ഈ സംസ്ഥാനത്ത് സൃഷ്ടിച്ചത് ഈ ഗവൺമെന്റിന്റെ ഏകോപനമില്ലായ്മ തന്നെയാണെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ഡിസംബർ മാസമായിട്ടും പദ്ധതി അംഗീകരിച്ച് നടപ്പിലാക്കുവാനുള്ള നടപടികൾ ഫലപ്രദമായി സ്വീകരിക്കുവാൻ കഴിയാത്ത ഗവൺമെന്റ് ചർച്ച ചെയ്യുവാൻ പോലും തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട  അംഗങ്ങളും വാക്ക്ഔട്ട് ചെയ്യുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിക്ഷേധിച്ച് ശ്രീ. മാത്യു ടി തോമസും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭയിൽ നിന്നും ഇറങ്ങിപ്പോയി)

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്.... അടിയന്തിര പ്രമേയ ചർച്ച നടക്കുകയാണ്. എപ്പോഴും എന്നെക്കൊണ്ട് പറയിപ്പിക്കരുത്. ഇങ്ങനെ കൂട്ടം കൂടി നിൽക്കാൻ സാധ്യമല്ല. ഇരിക്കാൻ താല്പര്യമില്ലാത്തവർ ദയവ് ചെയ്ത് പുറത്ത് പോകണം. ഇത് കൂട്ടം കൂടാനുള്ള സ്ഥലമല്ല. എൽ.പി.സ്കൂളിലെപ്പോലെ എപ്പോഴും എന്നെക്കൊണ്ട് പറയിപ്പിക്കരുത്.

ശ്രീ. എ. എ. അസീസ്: സർ, എന്റെ ചോദ്യത്തിനുള്ള ബ്ലോക്ക് പഞ്ചായത്തിന്റെ മറുപടിയാണ് നേരത്തെ ഇവിടെ വായിച്ചത്. ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച എന്റെ ചോദ്യത്തിന് കിട്ടിയ മറുപടിയും കൈവശമുണ്ട്. 14/12/2012-ലെ നക്ഷത്രചിഹ്നമിടാത്ത 1665-ാം നമ്പർ നിയമസഭാ ചോദ്യത്തിൽ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ പദ്ധതിവിഹിതമായി ഈ വർഷം എത്ര കോടി രൂപ അനുവദിച്ചു എന്ന ചോദ്യത്തിന് 1788.5529 കോടി രൂപ എന്നും ഇതിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചു എന്നതിന് 30/11/2012 വരെ 104.56 കോടി രൂപ എന്നും ചെലവിന്റെ ശതമാനമെത്രയാണ് എന്നതിന് അഞ്ച് ശതമാനം എന്നുമാണ് ഗ്രാമപഞ്ചായത്ത് രേഖാമൂലം മറുപടി തന്നിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഡോ. എം. കെ. മുനീർ ഒരുപാട് കാര്യങ്ങൾ പറഞ്ഞു. ബ്ലോക്ക് പഞ്ചായത്തിനും എനിക്ക് കിട്ടിയ മറുപടിയിൽ ഇതേ അവസ്ഥയാണ്. ഡി.പി.സി. കണ്ടാൽ മതി എന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഡിസ്ട്രിക്ട് പ്ലാനിംഗ് കമ്മിറ്റി പദ്ധതിരേഖ കണ്ടാൽ മതി എന്നാണ് പറയുന്നത്. അത് നല്ല ഏർപ്പാടല്ല. 15 കൊല്ലങ്ങൾക്കുമുമ്പ് ആദ്യത്തെ ജില്ലാ പഞ്ചായത്തിന്റെ കാലഘട്ടത്തിൽ ഞാൻ കൊല്ലത്ത് ഡി.പി.സി. മെമ്പറായിരുന്നു. പദ്ധതികൾ സ്ക്രൂട്ടനൈസ് ചെയ്യുന്നതിന്, ഗവൺമെന്റ് നിയമിക്കുന്ന പദ്ധതികളെ സംബന്ധിച്ച് പരിശോധിക്കാൻ

അർഹതയുള്ള ഒരു വിദഗ്ദ്ധനെകൂടി ഉൾപ്പെടുത്തികൊണ്ടുള്ളതാണ് ഡി.പി.സി. എന്നു പറയുന്നത്. ജില്ലാ കളക്ടർ ഡി.പി.സി.യുടെ സെക്രട്ടറിയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി.പി.സി.യുടെ പ്രസിഡന്റുമാണ്. അങ്ങനെയുള്ള ഡി.പി.സി. ഇത് കണ്ടാൽ മതി, അതുകൊണ്ട് ഏറ്റവും വേഗം പദ്ധതികൾ പൂർത്തികരിക്കുമെന്നാണ് ഇവിടെ പറഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രി കെ.സി. ജോസഫ് പങ്കെടുത്ത കൊല്ലത്ത് വച്ച് കൂടിയ ഒരു സമ്മേളനത്തിൽ ഞാൻ ഇത് പറഞ്ഞതാണ്. നിങ്ങൾ ഡി.പി.സി.യെ നോക്കുക്കുത്തിയാക്കിയിരിക്കുകയാണ്. അങ്ങനെ നോക്കുക്കുത്തിയാക്കികൊണ്ട് പദ്ധതികൾക്ക് രൂപം നൽകുകയും നടപ്പാക്കുകയും ചെയ്യുന്നത് ശാസ്ത്രീയ അടിസ്ഥാനത്തിലുള്ള തീരുമാനമല്ല. അത് യഥാർത്ഥത്തിലുള്ള ഉദ്ദേശലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനു വേണ്ടിയുള്ളതല്ല. അതുകൊണ്ട് ഇത് പുന:പരിശോധിക്കണം. നേരത്തെ പറഞ്ഞ കാര്യമാണ് ഇപ്പോൾ സംഭവിച്ചിരിക്കുന്നത്. പാലിന് ഒരു മന്ത്രി, പശുവിന് വേറൊരു മന്ത്രി, പഞ്ചായത്തിന് ഒരു മന്ത്രി, മുനിസിപ്പാലിറ്റിക്ക് ഒരു മന്ത്രി, നഗരത്തിന് വേറൊരു മന്ത്രി, അതൊക്കെ നല്ലതാണ് എന്നു പറയുന്നു. അങ്ങനെ പണ്ടൊന്നുമില്ലായിരുന്നു. ഏതായാലും ഇത്തരത്തിലുള്ള സംവിധാനത്തിന്റെ ഫലമായിട്ടാണ് ഈ വീഴ്ച സംഭവിച്ചിട്ടുള്ളത്. ഈ വിഷയം ചർച്ച ചെയ്യാൻ കൂട്ടാക്കാത്ത ഗവൺമെന്റിന്റെ നയത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. എ. അസീസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. തോമസ് ചാണ്ടി: സർ, പതിമൂന്ന് പഞ്ചായത്തുള്ള കുട്ടനാട്ടിലെ നാല് പഞ്ചായത്തുകളിൽ കഴിഞ്ഞ ഒരു വർഷമായി ജീവനക്കാർക്ക് ശമ്പളംപോലും കിട്ടിയിട്ടില്ലെന്നുള്ളതാണ് എന്റെ മണ്ഡലത്തിലെ അവസ്ഥ. ഞാൻ ഈ പഞ്ചായത്തുപ്രഡിഡന്റുമാരോടൊപ്പം പല പ്രാവശ്യം ബഹുമാന പ്പെട്ട മന്ത്രിയെ പോയി കണ്ടു. കഴിഞ്ഞ വർഷം ചെറിയ സഹായമൊക്കെ ചെയ്തു, ഈ വർഷം മന്ത്രിക്ക് എന്തു പറ്റിയെന്ന് അറിയില്ല, ഒന്നും തന്നിട്ടില്ല, അവിടെ ഒരു വികസനവും നടക്കുന്നില്ല, പദ്ധതിയെല്ലാം അവതാളത്തിലായി രിക്കുന്നു. മെമ്പർമാർക്ക് ഓണറേറിയം ലഭിക്കുന്നില്ല, മുട്ടാർ പഞ്ചായത്തിലെ ഉദ്യോഗസ്ഥൻമാർക്ക് 12 മാസമായി ശമ്പളം കിട്ടിയിട്ടില്ല. ചർച്ച ചെയ്താൽ മാത്രമേ ഇങ്ങനെയുള്ള കാര്യങ്ങൾ പറയാൻ സാധിക്കൂ. എല്ലായിടത്തും പദ്ധതി പ്രവർത്തനങ്ങൾ അവതാളത്തിലായിരിക്കുന്നു. കർഷകത്തൊഴിലാളി കൾ മാത്രം തിങ്ങിപ്പാർക്കുന്ന പ്രദേശത്ത് മറ്റ് വരുമാനമൊന്നുമില്ല. മരട് പഞ്ചായത്തിന് ലേക്ഷോർ ആശുപത്രി കൊടുക്കുന്നത് കോടിക്കണക്കിന് രൂപയാണ്. എന്റെ പഞ്ചായത്തായ മുട്ടാറിൽ നല്ലൊരു കെട്ടിടംപോലുമില്ല. ഞങ്ങൾക്ക് വരുമാനത്തിന് മറ്റ് മാർഗ്ഗമൊന്നുമില്ല. ഇത്തരം പഞ്ചായത്തു കളെകൂടി സഹായിക്കാനുള്ള പരിപാടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നു ണ്ടാകണം. ഈ വിഷയം ചർച്ച ചെയ്യാൻ തയ്യാറാകാത്ത ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ടിൽ പങ്കെടു ക്കുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. തോമസ് ചാണ്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

(സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനു ശേഷം വീണ്ടും ഹാജരായി.)